(സി) നിരോധിച്ചിട്ടുള്ള കന്നുകാലികളുടെ ഇറച്ചി വിൽക്കുന്ന സ്ഥലത്ത് പ്രവേശിക്കാനും പരിശോധന നടത്തി പിടിച്ചെടുക്കാനും വെറ്ററിനറി ഓഫീസർക്ക് മാത്രമാണ് അധികാരമുള്ളതെന്ന് കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളാ ഹൗസിൽ ഡൽഹി പോലീസ് നടത്തിയ ബീഫ് പരിശോധന നിലവിലുള്ള നിയമവ്യവസ്ഥകൾക്കെതിരെയുള്ള നടപടിയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെയുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം പ്രധാനമന്ത്രിയെയും, കേന്ദ്ര ആഭ്യന്തര മന്ത്രിയേയും അറിയിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബോധ്യപ്പെടുത്തിയിട്ടുണ്ട്.

(ഡി) റസിഡന്റ് കമ്മീഷണറുടെ മുൻകൂർ അനുവാദം ഇല്ലാതെ സംസ്ഥാന ഭവനുകളിൽ പരിശോധനകൾ നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഡൽഹി പോലീസ് നിർത്തലാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഡൽഹി പോലീസ് സ്പെഷ്യൽ കമ്മീഷണർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

തെരുവുനായ ശല്യം

157 (165) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാധാരണക്കാരായവർക്ക് ജീവന് ഭീഷണി ഉയർത്തുന്ന തെരുവുനായ്ക്കളെ കൊല്ലുന്നതിനെതിരെ കേന്ദ്രമൃഗസംരക്ഷണ ബോർഡ് സംസ്ഥാന ഗവൺമെൻറിന് എന്തെങ്കിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ ;

(ബി) ഇതിൽ സംസ്ഥാന ജീവനക്കാർക്ക് ദോഷമായി ഭവിക്കുന്ന എന്തെല്ലാം നിർദ്ദേശങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇതുസംബന്ധമായ സംസ്ഥാന ഗവൺമെൻറ് നയം ഉടൻ നടപ്പാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ, 23-9-2015-ൽ സംസ്ഥാനപോലീസ് മേധാവിക്ക് നൽകിയ കത്തിൽ അനധികൃതമായി നായ്ക്കളെ കൊല്ലുന്നതിന് പരസ്യം നൽകിയ ആൾക്കാർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം 428,429 എന്നീ വകുപ്പുകൾ പ്രകാരവും, ജന്തുദ്രോഹ നിവാരണ നിയമം 1960 പ്രകാരവും ഉള്ള നടപടികൾ സ്വീകരിക്കണമെന്നും 30-6-2015-ൽ ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തിൽ അനധികൃതമായി നായ്ക്കളെ കൊല്ലുന്നത് നിലവിലെ ചട്ടങ്ങൾക്കും ബഹുമാനപ്പെട്ട സുപ്രീം കോടതി വിധികൾക്കും എതിരാകയാൽ അത്തരം പ്രവർത്തികളിൽ നിന്നും വിട്ടു നിൽക്കണമെന്നും അറിയിച്ചിരുന്നു.

(ബി) സംസ്ഥാന ജീവനക്കാർക്ക് ദോഷകരമായി ഭവിക്കുന്ന നിർദ്ദേശങ്ങൾ ഇല്ല.

(സി) മൃഗസംരക്ഷണ വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എ. ബി. സി) നടപ്പിലാക്കി വരുന്നു.

തെരുവുനായ്ക്കളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ

158 (166) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആക്രമണകാരികളായ തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യുന്നതിനും, മറ്റുള്ളവയെ ഷെൽട്ടർ ഹോമുകളിൽ പാർപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന വ്യക്തമാക്കുമോ ;

(ബി) ആക്രമണകാരികളായ തെരുവുനായ്ക്കളെ നശിപ്പിക്കുന്നത് സംബന്ധിച്ച ബഹു. സുപ്രീംകോടതിയുടെ വിധി എന്താണെന്ന് വ്യക്തമാക്കുമോ ; ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ആക്രമണകാരികളായ തെരുവുനായ്ക്കളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുബന്ധ വകുപ്പുകൾക്കും നിർദ്ദേശം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?